**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **23-01-2025 - ൽ മറുപടിയ്ക്ക്**

**ടി.പി. വധക്കേസ് പ്രതിയുടെ പരോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടി.പി. വധക്കേസ്സിലെ പ്രതിയായ കൊടി സുനിക്ക് മുപ്പത് ദിവസത്തെ പരോൾ അനുവദിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നുവോ; വ്യക്തമാക്കാമോ; | (എ) | സി.നം. 512/23 സുനിൽ കുമാറിന്റെ മാതാവ് സമർപ്പിച്ച പരാതിയിന്മേൽ 28/09/2024 തീയതിയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ജയിൽ അന്തേവാസിയുടെ മാതാവിന്റെ പരാതിയിൽ മാനുഷിക പരിഗണന അർഹിക്കുന്നുണ്ടോ എന്ന കാര്യം കൂടി പരിഗണിക്കേണ്ടതാണെന്ന് ശിപാർശ ചെയ്തിരുന്നു. 03.11.2017 ൽ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ കൂടിയ പുനരവലോകന സമിതി യോഗം സി.നം 512/23 സുനിൽ കുമാറിന് അവധി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ബഹു:കേരള മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിന്മേൽ ബഹു: കമ്മിഷൻ പുറപ്പെടുവിച്ച നിർദ്ദേശം മാനിച്ചു കൊണ്ടും, അന്തേവാസിയുടെ മാതാവിന്റെ അപേക്ഷ പരിഗണിച്ചു കൊണ്ടും ടി അന്തേവാസിയുടെ ജയിലിനുള്ളിലെ പെരുമാറ്റം, സ്വഭാവം എന്നിവ കണക്കിലെടുത്തും അവധി കാലയളവിൽ കണ്ണൂർ, കോഴിക്കോട് ജില്ലാ പോലീസ് മേധാവിമാരുടെ അധികാര പരിധിയിലെ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലായെന്ന ചില കർശന ഉപാധികളുടെ അടിസ്ഥാനത്തിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ ടിയാന്റെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നല്കുകയും, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് 28.12.2024 വൈകുന്നേരം 5 മണി മുതൽ 30 ദിവസത്തെ സാധാരണ അവധി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രതിക്ക് പരോൾ അനുവദിക്കുന്നതിനായി പോലീസ് റിപ്പോർട്ടും പ്രോബേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിരുന്നോ; വിശദമാക്കാമോ; | (ബി) | സി.നം. 512/23 സുനിൽ കുമാറിന്റെ മാതാവ് സമർപ്പിച്ച പരാതിയിന്മേൽ 28/09/2024 തീയതിയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ജയിൽ അന്തേവാസിയുടെ മാതാവിന്റെ പരാതിയിൽ മാനുഷിക പരിഗണന അർഹിക്കുന്നുണ്ടോ എന്ന കാര്യം കൂടി പരിഗണിക്കേണ്ടതാണെന്ന് ശിപാർശ ചെയ്തിരുന്നു. 03.11.2017 ൽ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ കൂടിയ പുനരവലോകന സമിതി യോഗം സി.നം 512/23 സുനിൽ കുമാറിന് അവധി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ബഹു:കേരള മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിന്മേൽ ബഹു: കമ്മിഷൻ പുറപ്പെടുവിച്ച നിർദ്ദേശം മാനിച്ചു കൊണ്ടും, അന്തേവാസിയുടെ മാതാവിന്റെ അപേക്ഷ പരിഗണിച്ചു കൊണ്ടും ടി അന്തേവാസിയുടെ ജയിലിനുള്ളിലെ പെരുമാറ്റം, സ്വഭാവം എന്നിവ കണക്കിലെടുത്തും അവധി കാലയളവിൽ കണ്ണൂർ, കോഴിക്കോട് ജില്ലാ പോലീസ് മേധാവിമാരുടെ അധികാര പരിധിയിലെ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലായെന്ന ചില കർശന ഉപാധികളുടെ അടിസ്ഥാനത്തിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ ടിയാന്റെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നല്കുകയും, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് 28.12.2024 വൈകുന്നേരം 5 മണി മുതൽ 30 ദിവസത്തെ സാധാരണ അവധി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസ്സിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയവെ ടിയാൻ ക്രിമിനൽ ഗൂഡാലോചന നടത്തിയതായ ആരോപണത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ജയിലിൽ കഴിയവെ ക്രിമിനൽ ഗൂഡാലോചന നടത്തിയതായ ആരോപണം നേരിടുന്ന വ്യക്തിക്ക് ഒരു മാസത്തെ പരോൾ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ